പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2573 — 27.01.2014- ലെ മറുപടിക്ക്

## പി. എച്ച്. സി. കളിൽ ക്ലിനിക്കൽ ലാബുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. എ. അസീസ്<br>" കോവൂർ കുഞ്ഞുമോൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ക്ലിനിക്കൽ ലാബുകൾ എന്നത്തേക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | എ) | സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളോട് അനുബന്ധിച്ചുള്ള പ്രൈമറി ഹെൽത്ത് ലാബുകളുടെ നിർമ്മാണം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ മുഖേന നടത്തുന്നതിനായി സ. ഉ. (ആർ. റ്റി) നമ്പർ 3773/2013/ആ. ക. വ. തീയതി 12/11/2013 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യവും പഞ്ചായത്തു വകുപ്പും സംയുക്തമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 171 പി. എച്ച്. സി. കളിൽ ക്ലിനിക്കൽ ലാബ് സ്ഥാപിച്ചു നൽകാൻ തീരുമാനമായിട്ടുണ്ട്. പ്രസ്തുത ലാബുകളിലേക്കാവശ്യമായ സാധന സാമഗ്രികൾ കേരളാ മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) വഴി ലഭ്യമാക്കുന്ന മുറക്ക് തെരഞ്ഞെടുക്കപ്പെട്ട പി. എച്ച്. സി. കളിൽ ലാബ് പ്രവർത്തനക്ഷമമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ